മാതൃഭൂമി

04 January 2022

# സി.എം.എഫ്.ആർ.ഐ. 'വിന്റർ സ്കൂൾ' തുടങ്ങി

കൊച്ചി► കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) സംഘടിപ്പിക്കുന്ന 'വിൻറർ സ്കൂളി'ന് തുടക്കമായി. സമുദ്രമത്സ്യ സമ്പത്തിന്റെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് ഗവേഷകരെ പരിശീലിപ്പിക്കുന്നതാണ് പദ്ധതി. 21 ദിവസത്തെ വിൻറർ സ്കൂളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 21 ഗവേഷകർ പങ്കെടുക്കും. ഡോ. പി. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. രേഖ ജെ. നായർ, ഡോ. വി. മഹേഷ്, ഡോ. ആർ. രതീഷ്കുമാർ എന്നിവർ സംസാരിച്ചു.